# 1 യോഹന്നാൻ

*ജീവൻെറ വചനം*

1 ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ
കേട്ടതും സ്വന്തകണ്ണുകൊണ്ടു കണ്ടതും
ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊ
ട്ടതുമായ ജീവൻെറ വചനം സംബന്ധിച്ച് ഇതു
ഞങ്ങൾ പ്രസ്താവിക്കുന്നു: 2ഈ ജീവൻ പ്രത്യ
ക്ഷമായി; ഞങ്ങൾ അതു കണ്ടു; അതിനു സാ
ക്ഷ്യം വഹിക്കുന്നു. പിതാവിനോടുകൂടെയി
രുന്നതും ഞങ്ങൾക്കു പ്രത്യക്ഷമായതുമായ നി
ത്യജീവനെ ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു.
3നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേ
ണ്ടതിനു ഞങ്ങൾ കാണുകയും കേൾക്കുകയും
ചെയ്തതു നിങ്ങളെ അറിയിക്കുകയാണ്.
ഞങ്ങളുടെ കൂട്ടായ്മ പിതാവിനോടും അവി
ടുത്തെ പുത്രനായ യേശുക്രിസ്തുവിനോടും
ആകുന്നു. 4നമ്മുടെ[a] സന്തോഷം പൂർണ്ണമാകു
വാൻ ഞങ്ങൾ ഇതു നിങ്ങൾക്ക് എഴുതുന്നു.

*വെളിച്ചത്തിൽ നടക്കുക*

5ഞങ്ങൾ അദ്ദേഹത്തിൽനിന്നു കേട്ട് നിങ്ങ
ളോട് അറിയിക്കുന്ന സന്ദേശം ഇതാണ്: ദൈവം
വെളിച്ചം ആകുന്നു; ദൈവത്തിൽ ഇരുട്ട് അ
ശേഷമില്ല. 6നമുക്ക് അവിടുത്തോടു കൂട്ടാ
യ്മയുണ്ടെന്നു പറയുകയും ഇരുട്ടിൽ നടക്കു
കയും ചെയ്യുന്നുവെങ്കിൽ നാം പറയുന്നതു വ്യാ
ജമാണ്; സത്യം പ്രവർത്തിക്കുന്നതുമില്ല.
7എന്നാൽ അവിടുന്നു വെളിച്ചത്തിൽ ആയിരി
ക്കുന്നതുപോലെ നാം വെളിച്ചത്തിൽ
നടക്കുന്നുവെങ്കിൽ നമുക്ക് അന്യോന്യം കൂട്ടാ
യ്മയുണ്ട്; അവിടുത്തെ പുത്രനായ യേശു
വിൻെറ രക്തം സകല പാപത്തിൽനിന്നും നമ്മെ
ശുദ്ധീകരിക്കുന്നു.
8നമുക്കു പാപമില്ല എന്നു പറയുന്നുവെങ്കിൽ
നാം നമ്മെത്തന്നേ വഞ്ചിക്കുകയാണ്; സത്യം
നമ്മിൽ ഇല്ല. 9നാം നമ്മുടെ പാപങ്ങൾ ഏറ്റു
പറയുന്നുവെങ്കിലോ അവിടുന്ന് നമ്മുടെ പാ
പങ്ങൾ ക്ഷമിച്ച് എല്ലാ അനീതിയിൽനിന്നും
നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വ
സ്തനും നീതിമാനും അത്രേ. 10നാം പാപം
ചെയ്തിട്ടില്ലെന്നു നാം പറയുന്നുവെങ്കിൽ
അവിടുത്തെ നാം അസത്യവാദിയാക്കുന്നു;
അവിടുത്തെ വചനം നമ്മിൽ ഇല്ല.

2 എൻെറ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം
ചെയ്യാതിരിക്കുവാനായി ഇതു ഞാൻ നി
ങ്ങൾക്കെഴുതുന്നു. എന്നാൽ ഒരാൾ പാപം
ചെയ്യുന്നുവെങ്കിൽ നമുക്ക് ഒരു കാര്യസ്ഥൻ പി
താവിൻെറ അടുക്കൽ ഉണ്ട് - നീതിമാനായ
യേശുക്രിസ്തുതന്നേ. 2അവിടുന്ന് നമ്മുടെ പാ
പങ്ങൾക്കുള്ള പ്രായശ്ചിത്തയാഗമാണ്.
നമ്മുടേതിനുമാത്രമല്ല, സർവ്വലോകത്തിൻെറ
യും പാപങ്ങൾക്കുവേണ്ടിത്തന്നേ.
3അവിടുത്തെ കല്പനകൾ നാം അനുസരി
ക്കുന്നപക്ഷം നാം അവിടുത്തെ അറിയുന്നു
എന്നതു നിശ്ചയമാണ്. 4അവിടുത്തെ അറി
യുന്നു എന്നു പറയുകയും അവിടുന്നു കല്പി
ക്കുന്ന കാര്യങ്ങൾ അനുസരിക്കാതിരിക്കുകയും
ചെയ്യുന്നവൻ കള്ളനാണ്; അവനിൽ സത്യമി
ല്ല. 5എന്നാൽ ഒരുവൻ അവിടുത്തെ വചനം അനു
സരിക്കുന്നുവെങ്കിൽ ദൈവസ്നേഹം[b] അവ
നിൽ വാസ്തവമായി തികഞ്ഞിരിക്കുന്നു. 6യേ
ശുവിൽ വസിക്കുന്നുവെന്ന് അവകാശപ്പെടുന്ന
ഒരുവൻ അവിടുന്നു നടന്നതുപോലെ നട
ക്കേണ്ടതാണ്; ഇങ്ങനെ ചെയ്താൽ നാം യേശു
വിൽത്തന്നെ വസിക്കുന്നുവെന്നു നമുക്കറിയാം.
7പ്രിയരേ, ഒരു പുതിയ കല്പനയല്ല, ആദിമു
തൽ നിങ്ങൾക്കുണ്ടായിരുന്ന പഴയ കല്പനത
ന്നേ ഞാൻ നിങ്ങൾക്ക് എഴുതുകയാണ്. ഈ
പഴയ കല്പന നിങ്ങൾ കേട്ടിട്ടുള്ള വചനംത
ന്നേ. 8എങ്കിലും, ഞാൻ നിങ്ങൾക്ക് ഒരു പുതിയ
കല്പന എഴുതുന്നുവെന്നും പറയാം. അതു ക്രി
സ്തുവിലും നിങ്ങളിലും സത്യമായിരിക്കുന്നു;
എന്തെന്നാൽ ഇരുട്ടു നീങ്ങിപ്പോകുന്നു;
സത്യവെളിച്ചം ഇപ്പോൾത്തന്നേ പ്രകാശിക്കു
കയും ചെയ്യുന്നു.
9വെളിച്ചത്തിൽ ഇരിക്കുന്നുവെന്നു പറയുന്ന
ഒരുവൻ തൻെറ സഹോദരനെ വെറുക്കു
ന്നുവെങ്കിൽ അയാൾ ഇന്നും ഇരുട്ടിൽത്തന്നേ.
10സഹോദരനെ സ്നേഹിക്കുന്നവൻ വെളി

[a] 4 ചില കയ്യെഴുത്തുപ്രതികളിൽ *നിങ്ങളുടെ* [b] 2:5 അല്ലെങ്കിൽ ദൈവത്തോടുള്ള സ്നേഹം

ച്ചത്തിൽ ജീവിക്കുന്നു; ഇടറിവീഴുവാൻ
അവനിൽ[a]കാരണമൊന്നും ഇല്ല. 11എന്നാൽ
സഹോദരനെ ദ്വേഷിക്കുന്നവൻ ഇരുട്ടിലിരി
ക്കുന്നു; അവൻ ഇരുട്ടിൽ നടക്കുന്നു; ഇരുട്ട്
അവനെ അന്ധനാക്കിയിരിക്കുകയാൽ താൻ
എവിടേക്കു പോകുന്നുവെന്ന് അവൻ അറി
യുന്നതുമില്ല.

12കുഞ്ഞുങ്ങളേ, അവിടുത്തെ
നാമംമൂലം നിങ്ങളുടെ പാപങ്ങൾ
ക്ഷമിക്കപ്പെട്ടിരിക്കയാൽ ഞാൻ
നിങ്ങൾക്കെഴുതുന്നു.
13പിതാക്കന്മാരേ, ആദിമുതലു
ള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ
ഞാൻ നിങ്ങൾക്കെഴുതുന്നു.
യുവാക്കളെ, നിങ്ങൾ ദുഷ്ടനെ
ജയിച്ചടക്കിയിരിക്കയാൽ ഞാൻ
നിങ്ങൾക്കെഴുതുന്നു. കുഞ്ഞുങ്ങളേ,
നിങ്ങൾ പിതാവിനെ അറിഞ്ഞിരി
ക്കയാൽ ഞാൻ നിങ്ങൾക്കെഴുതുന്നു.
14പിതാക്കന്മാരേ, ആദിമുതലു
ള്ളവനെ നിങ്ങൾ അറിഞ്ഞിട്ടു
ള്ളതുകൊണ്ടു ഞാൻ നിങ്ങൾ
ക്കെഴുതുന്നു. യുവാക്കളേ, നിങ്ങൾ
ശക്തരാകയാലും നിങ്ങളിൽ
ദൈവവചനം വസിക്കയാലും
നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കു
കയാലും ഞാൻ നിങ്ങൾക്കെഴുതുന്നു.

*ലോകത്തെ സ്നേഹിക്കരുത്*

15ലോകത്തെയോ ലോകത്തിലുള്ള
യാതൊന്നിനെയുമോ സ്നേഹിക്കരുത്. ഒരാൾ
ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാ
വിന്റെ സ്നേഹം അയാളിൽ ഇല്ല. 16എ
ന്തെന്നാൽ ലോകത്തിലുള്ള സകലവും - ജഡ
മോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാ
പം എന്നിവയെല്ലാംതന്നേ - പിതാവിൽനിന്നല്ല,
ലോകത്തിൽനിന്നാണു വരുന്നത്. 17ലോകവും
അതിന്റെ മോഹവും നീങ്ങിപ്പോകുന്നു;
എന്നാൽ ദൈവഹിതം ചെയ്യുന്ന മനുഷ്യൻ
എന്നേക്കും ജീവിക്കുന്നു.

*എതിർക്രിസ്തുക്കൾക്കെതിരേ മുന്നറിയിപ്പ്*

18കുഞ്ഞുങ്ങളേ, ഇത് അന്ത്യനാഴികയാണ്.
എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടി
ട്ടുള്ളതുപോലെ ഇപ്പോൾത്തന്നേ പല എതി
ർക്രിസ്തുക്കളും എഴുന്നേറ്റിരിക്കുന്നു. ഇത്
അന്ത്യനാഴികയാണെന്ന് ഇതിനാൽ നാം അറി
യുന്നു. 19അവർ നമ്മുടെ ഇടയിൽനിന്നു പുറ
പ്പെട്ടവരെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല.
നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ അവർ
നമ്മോടൊപ്പം പാർക്കുമായിരുന്നു. എന്നാൽ
അവർ നമ്മെ വിട്ടുപോയതിനാൽ അവരിലാരും
നമുക്കുള്ളവരല്ല എന്നു വ്യക്തമാകുന്നു.

20എന്നാൽ പരിശുദ്ധനിൽനിന്നു നിങ്ങൾക്ക്
അഭിഷേകം ലഭിച്ചിരിക്കുന്നു; നിങ്ങൾ എല്ലാം
അറിയുന്നു.[b]21നിങ്ങൾ സത്യം അറിയാത്ത
തുകൊണ്ടല്ല ഞാൻ നിങ്ങൾക്കെഴുതുന്നത്; നി
ങ്ങൾ അറിയുന്നതിനാലും യാതൊരു വ്യാജവും
സത്യത്തിൽനിന്നു പുറപ്പെടായ്കയാലുമത്രേ.
22യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധി
ക്കുന്നവനല്ലാതെ മറ്റാരാണ് അസത്യവാദി? പി
താവിനെയും പുത്രനെയും നിഷേധിക്കുന്നവൻ
തന്നെയാണ് എതിർക്രിസ്തു. 23പുത്രനെ
നിഷേധിക്കുന്ന ഒരുവനും പിതാവില്ല; പുത്രനെ
അംഗീകരിക്കുന്നവനു പിതാവും ഉണ്ട്.

24നിങ്ങൾ ആദിമുതലേ കേട്ടതു നിങ്ങളിൽ
നിലനില്ക്കട്ടെ. നിങ്ങൾ ആദിമുതൽ കേട്ടതു
നിങ്ങളിൽ നിലനില്ക്കുന്നുവെങ്കിൽ നിങ്ങൾ
പുത്രനിലും പിതാവിലും വസിക്കും. 25ഇതാ
കുന്നു അവിടുന്നു നമുക്കു നല്കിയ വാഗ്ദാനം;
നിത്യജീവൻതന്നേ.

26നിങ്ങളെ വഴി തെറ്റിക്കുന്നവരെ ഓർത്തു
ഞാൻ ഈ കാര്യങ്ങൾ നിങ്ങൾക്കെഴുതുന്നു.
27ദൈവത്തിൽനിന്നു നിങ്ങൾ പ്രാപിച്ച
അഭിഷേകം നിങ്ങളിൽ വസിക്കുന്നു. അതിനാൽ
ആരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവി
ടുത്തെ അഭിഷേകം എല്ലാറ്റിനെയുംകുറിച്ചു
നിങ്ങളെ പഠിപ്പിക്കുന്നതിനാലും ആ അഭിഷേകം
വ്യാജമാകാതെ സത്യമായിരിക്കയാലും അതു
നിങ്ങളെ പഠിപ്പിച്ചതുപോലെ നിങ്ങൾ ക്രിസ്തു
വിൽ വസിക്കുവിൻ.

*ദൈവമക്കൾ*

28ഇപ്പോൾ കുഞ്ഞുങ്ങളേ, കർത്താവു പ്രത്യ
ക്ഷനാകുമ്പോൾ നാം അവിടുത്തെ സന്നിധി
യിൽ ലജ്ജിച്ചുപോകാതെ ധൈര്യമുള്ളവരായി
രിപ്പാൻ തക്കവണ്ണം കർത്താവിൽ വസിക്കുവിൻ.
29അവിടുന്നു നീതിമാനെന്നു നിങ്ങൾ അറി
യുന്നുവെങ്കിൽ നീതി ചെയ്യുന്നവരെല്ലാം ആ
കർത്താവിൽനിന്നു ജനിച്ചിരിക്കുന്നുവെന്ന് നി
ങ്ങൾക്ക് ഉറപ്പാക്കാം.

3 നോക്കുവിൻ! നാം ദൈവമക്കളെന്നു വി
ളിക്കപ്പെടുവാൻ പിതാവു നമുക്ക് എത്ര
വലിയ സ്നേഹമാണു നല്കിയിരിക്കുന്നത്! നാം
അങ്ങനെതന്നേ ആകുന്നു. ലോകം അവിടുത്തെ
അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് അതു നമ്മെയും
അറിയുന്നില്ല. 2പ്രിയരേ, ഇപ്പോൾ നാം
ദൈവമക്കൾ ആകുന്നു. നാം എന്തായിത്തീ
രുമെന്ന് ഇതുവരെ വെളിപ്പെട്ടിട്ടില്ല. അവിടുന്നു

[a] 10 അല്ലെങ്കിൽ *അതിൽ* [b] 20 ചില കയ്യെഴുത്തുപ്രതികളിൽ *നിങ്ങൾ സത്യം അറിയുന്നു*

വെളിപ്പെടുമ്പോൾ[a] താൻ ആയിരിക്കുന്ന വിധത്തിൽതന്നേ നാം അവിടുത്തെ കാണുമെന്നതിനാൽ നാം തന്നെപ്പോലെ ആയിത്തീരും എന്നും നാം അറിയുന്നു. 3തന്നിൽ ഈ പ്രത്യാശയുള്ളവരെല്ലാം അവിടുന്നു നിർമ്മലനായിരിക്കുന്നതുപോലെ തങ്ങളെത്തന്നേ നിർമ്മലീകരിക്കുന്നു.

4പാപം ചെയ്യുന്ന ഏവനും നിയമം ലംഘിക്കുന്നു; പാപം നിയമലംഘനം തന്നേ. 5എന്നാൽ പാപങ്ങളെ നീക്കുവാൻ അവിടുന്നു പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു. തന്നിൽ പാപമില്ല. 6തന്നിൽ വസിക്കുന്ന ഒരുവനും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്ന ഒരുവനും അവിടുത്തെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല.

7കുഞ്ഞുങ്ങളെ, ആരും നിങ്ങളെ വഴി തെറ്റിക്കരുത്. അവിടുന്നു നീതിമാനായിരിക്കുന്നതുപോലെ നീതി പ്രവർത്തിക്കുന്നവൻ നീതിമാൻ ആകുന്നു. 8പാപം ചെയ്യുന്നവൻ പിശാചിൽനിന്നുള്ളവനാകുന്നു. പിശാച് ആദിമുതലേ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യുവാനാണു ദൈവപുത്രൻ പ്രത്യക്ഷനായത്. 9ദൈവത്തിൽനിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. ദൈവത്തിന്റെ വിത്ത് അവനിൽ വസിക്കുന്നു. അവൻ ദൈവത്തിൽനിന്നു ജനിച്ചവനാകയാൽ പാപം ചെയ്‌വാൻ അവനു സാധ്യമല്ല. 10ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇങ്ങനെ വെളിപ്പെടുന്നു. നീതി പ്രവർത്തിക്കാത്ത ഒരുവനും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽനിന്നുള്ളവനല്ല.

*അന്യോന്യം സ്നേഹിപ്പിൻ*

11നാം ആദിമുതലേ കേട്ട സന്ദേശം നാം അന്യോന്യം സ്നേഹിക്കണം എന്നതാണല്ലോ. 12ദുഷ്ടനിൽനിന്നുള്ളവനായി സഹോദരനെ കൊലചെയ്ത കയീനെപ്പോലെ ആകരുത്; അവൻ സഹോദരനെ കൊന്നത് എന്തു കാരണത്താലാണ്? തന്റെ പ്രവൃത്തി ദോഷകരവും സഹോദരന്റേതു നീതിയുള്ളതും ആയതിനാൽതന്നേ.

13സഹോദരരേ, ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ ആശ്ചര്യപ്പെടരുത്. 14നാം മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നുവെന്നു സഹോദരരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. 15സഹോദരനെ ദ്വേഷിക്കുന്നവൻ കൊലപാതകനാണ്. യാതൊരു കൊലപാതകനും ഉള്ളിൽ നിത്യജീവൻ ഇല്ലെന്നു നിങ്ങൾക്കറിയാമല്ലോ.

16അവിടുന്നു നമുക്കുവേണ്ടി തന്റെ ജീവൻ അർപ്പിച്ചതിനാൽ സ്നേഹം എന്തെന്നു നാം മനസ്സിലാക്കുന്നു; നാമും സഹോദരർക്കുവേണ്ടി ജീവൻ അർപ്പിക്കേണ്ടതാണ്. 17ഒരാൾക്കു ഭൗതികമായ വസ്തുവകകൾ ഉണ്ടായിരിക്കുകയും തന്റെ സഹോദരന്റെ ബുദ്ധിമുട്ടു കണ്ടിട്ടു മനസ്സലിവു തോന്നാതിരിക്കുകയും ചെയ്താൽ അയാളിൽ ദൈവസ്നേഹം എങ്ങനെ വസിക്കും? 18കുഞ്ഞുങ്ങളേ, നമുക്കു വാക്കിനാലും നാവിനാലുമല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കാം. 19നാം സത്യത്തിൽനിന്നുള്ളവരെന്ന് ഇതിനാൽ അറിയുകയും നമ്മുടെ ഹൃദയത്തെ അവിടുത്തെമുമ്പിൽ ഉറപ്പിക്കുകയും ചെയ്യാം. 20നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നുവെങ്കിലോ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും സകലവും അറിയുന്നവനും ആകുന്നു.

21പ്രിയരേ, നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു പ്രാഗല്ഭ്യം ഉണ്ട്. 22അവിടുത്തെ കല്പനകൾ നാം അനുസരിക്കുകയും അവിടുത്തേക്കു പ്രസാദകരമായതു പ്രവർത്തിക്കുകയും ചെയ്യുന്നതുകൊണ്ടു നാം അപേക്ഷിക്കുന്നതെന്തും ദൈവത്തിൽനിന്നു പ്രാപിക്കും. 23തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കണമെന്നും അവിടുന്നു കല്പിച്ചതുപോലെ അന്യോന്യം സ്നേഹിക്കണമെന്നും ആകുന്നു അവിടുത്തെ കല്പന. 24അവിടുത്തെ കല്പനകൾ അനുസരിക്കുന്നവർ തന്നിലും താൻ അവരിലും വസിക്കുന്നു. അവിടുന്നു നമ്മിൽ വസിക്കുന്നുവെന്നു താൻ നമുക്കു നല്കിയ ആത്മാവിനാൽ നാം അറിയുന്നു.

*ആത്മാക്കളെ വിവേചിക്കുക*

4 പ്രിയരേ, അനേകം കള്ളപ്രവാചകർ ലോകത്തിലേക്കു കടന്നിട്ടുള്ളതിനാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നറിയേണ്ടതിന് അവയെ ശോധന ചെയ്‌വിൻ. 2ദൈവാത്മാവിനെ ഇങ്ങനെ തിരിച്ചറിയാം: യേശുക്രിസ്തു ജഡത്തിൽ വന്നുവെന്ന് ഏറ്റുപറയുന്ന ഏതൊരാത്മാവും ദൈവത്തിൽനിന്നുള്ളതാകുന്നു. 3യേശുവിനെ ഏറ്റുപറയാത്ത ഏതൊരാത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവാകുന്നു. അതു വരുന്നുവെന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾത്തന്നേ അതു ലോകത്തിലുണ്ട്.

4കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവരാണ്; അവരെ നിങ്ങൾ ജയിച്ചുമിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങളിലുള്ളവൻ ലോ

[a] 2 ചില കയ്യെഴുത്തുപ്രതികളിൽ *അതുവെളിപ്പെടുത്തപ്പെടുമ്പോൾ*

കത്തിലുള്ളവനെക്കാൾ വലിയവനല്ലോ.
5അവർ ലൗകികരാണ്; ലൗകികമായതു സം
സാരിക്കുന്നു. ലോകം അവരെ ശ്രദ്ധിക്കുന്നു.
6ഞങ്ങളോ ദൈവത്തിൽനിന്നുള്ളവരത്രേ.
ദൈവത്തെ അറിയുന്നവൻ ഞങ്ങളെ ശ്രദ്ധി
ക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളെ
ശ്രദ്ധിക്കുന്നില്ല. സത്യത്തിൻെറ ആത്മാ
വിനെയും വ്യാജത്തിൻെറ ആത്മാവിനെയും
ഇങ്ങനെ നമുക്കു തിരിച്ചറിയാം.

*ദൈവസ്നേഹം*

7പ്രിയരേ, നാം അന്യോന്യം സ്നേഹിക്കുക.
എന്തെന്നാൽ സ്നേഹം ദൈവത്തിൽനിന്നു
ള്ളതത്രേ. സ്നേഹിക്കുന്നവനെല്ലാം
ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു;
ദൈവത്തെ അറിഞ്ഞുമിരിക്കുന്നു. 8സ്നേഹി
ക്കാത്തവൻ ദൈവത്തെ അറിയുന്നില്ല: ദൈവം
സ്നേഹം തന്നേ. 9തൻെറ ഏകജാതനായ
പുത്രനിലൂടെ നാം ജീവിക്കേണ്ടതിനു ദൈവം
അദ്ദേഹത്തെ ലോകത്തിലേക്ക് അയച്ചിരിക്കു
ന്നു. അങ്ങനെ ദൈവം തൻെറ സ്നേഹം നമ്മു
ടെയിടയിൽ വെളിപ്പെടുത്തി. 10നാം ദൈവത്തെ
സ്നേഹിച്ചതല്ല, പിന്നെയോ അവിടുന്നു നമ്മെ
സ്നേഹിച്ചു തൻെറ പുത്രനെ നമ്മുടെ പാപത്തി
നു പ്രായശ്ചിത്തയാഗമായി അയച്ചതുതന്നെ
യാണു സാക്ഷാൽ സ്നേഹം. 11പ്രിയരേ, ദൈവം
നമ്മെ ഇത്രമാത്രം സ്നേഹിച്ചുവെങ്കിൽ നാമും
അന്യോന്യം സ്നേഹിക്കേണ്ടതത്രേ. 12ദൈവ
ത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; നാം അന്യോ
ന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ
വസിക്കുന്നു; അവിടുത്തെ സ്നേഹം നമ്മിൽ
പൂർണ്ണമാകുകയും ചെയ്തിരിക്കുന്നു.

13ദൈവം തൻെറ ആത്മാവിനെ നമുക്കു
തന്നതിനാൽ നാം ദൈവത്തിലും അവിടുന്ന്
നമ്മിലും വസിക്കുന്നുവെന്നു നാം അറിയുന്നു.
14പിതാവ് തൻെറ പുത്രനെ ലോകരക്ഷകനാ
യി അയച്ചുവെന്നത് ഞങ്ങൾ കാണുകയും
സാക്ഷിക്കുകയും ചെയ്യുന്നു. 15യേശു
ദൈവപുത്രനെന്ന് ഏറ്റു പറയുന്നവനിൽ ദൈവം
വസിക്കുന്നു. അവൻ ദൈവത്തിലും വസിക്കു
ന്നു. 16ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള
സ്നേഹം ഞങ്ങൾ അറിയുകയും വിശ്വസിക്കു
കയും ചെയ്തിരിക്കുന്നു.

ദൈവം സ്നേഹംതന്നേ; സ്നേഹത്തിൽ
വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു:
ദൈവം അവനിലും വസിക്കുന്നു. 17നാമും ലോ
കത്തിൽ അവിടുത്തെപ്പോലെ ആയിരി
ക്കുന്നതുകൊണ്ടു ന്യായവിധിദിവസത്തിൽ നമു
ക്കു ധൈര്യം ഉണ്ടാകുവാൻ തക്കവണ്ണം ഈ
സ്നേഹം നമ്മിൽ തികഞ്ഞിരിക്കുന്നു.
18സ്നേഹത്തിൽ ഭയമില്ല. എന്നാൽ സമ്പൂർ
ണ്ണസ്നേഹം ഭയത്തെ പുറത്താക്കുന്നു. ഭയം
ശിക്ഷയോടു ബന്ധപ്പെട്ടിരിക്കുന്നു. ഭയ
പ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണത പ്രാപി
ച്ചിട്ടില്ല.

19അവിടുന്ന് ആദ്യം നമ്മെ സ്നേഹിച്ചതി
നാൽ നാമും സ്നേഹിക്കുന്നു. 20ആരെങ്കിലും
ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും
സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നു
വെങ്കിൽ അയാൾ കള്ളനാണ്. എന്തെന്നാൽ
താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹി
ക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ
സ്നേഹിപ്പാൻ കഴിയുന്നതല്ല. 21ദൈവത്തെ
സ്നേഹിക്കുന്നവൻ സഹോദരനെയും
സ്നേഹിക്കണമെന്നുള്ള ഈ കല്പന അവി
ടുന്നു നമുക്കു നല്കിയിരിക്കുന്നു.

*ദൈവപുത്രനിലുള്ള വിശ്വാസം*

5 യേശുവിനെ ക്രിസ്തുവെന്നു വിശ്വസി
ക്കുന്ന ഏതൊരാളും ദൈവത്തിൽനിന്നു
ജനിച്ചിരിക്കുന്നു. പിതാവിനെ സ്നേഹിക്കുന്ന
ഏവനും അവിടുത്തെ പുത്രനെയും സ്നേഹി
ക്കുന്നു. 2നാം ദൈവത്തെ സ്നേഹിക്കുകയും
അവിടുത്തെ കല്പനകൾ അനുസരിക്കുകയും
ചെയ്യുന്നതിനാൽ നാം ദൈവമക്കളെ സ്നേഹി
ക്കുന്നുവെന്ന് അറിയുന്നു. 3ദൈവത്തിൻെറ
കല്പനകൾ അനുസരിക്കുന്നതുതന്നെയാണു
ദൈവത്തോടുള്ള സ്നേഹം. അവിടുത്തെ
കല്പനകൾ ഭാരമുള്ളവയല്ല. 4ദൈവത്തിൽ
നിന്നു ജനിച്ച ഏതൊരുവനും ലോകത്തെ ജയി
ക്കുന്നു; ലോകത്തെ ജയിച്ച ജയം ഇതാണ് -
നമ്മുടെ വിശ്വാസം തന്നേ. 5യേശു ദൈവപുത്ര
നെന്നു വിശ്വസിക്കുന്നവനല്ലാതെ ലോകത്തെ
ജയിക്കുന്നവൻ ആര്?

6ജലത്താലും രക്തത്താലും വന്ന ഒരുവൻ ഇ
ദ്ദേഹമാണ്; യേശുക്രിസ്തു തന്നേ. ജലത്താൽ
മാത്രമല്ല, ജലത്താലും രക്തത്താലുംതന്നേ. സാ
ക്ഷ്യം നല്കുന്നത് ആത്മാവാണ്; എന്തെന്നാൽ
ആത്മാവ് സത്യം ആകുന്നു. 7സാക്ഷ്യം വഹി
ക്കുന്നവർ മൂന്നാണ്; 8ആത്മാവ്, ജലം, രക്തം.
ഈ മൂന്നിൻെറയും സാക്ഷ്യം ഒന്നുതന്നേ. 9മനു
ഷ്യൻെറ സാക്ഷ്യം നാം സ്വീകരിക്കുന്നുവെങ്കിൽ
ദൈവത്തിൻെറ സാക്ഷ്യം അതിലും വലുതാണ്.
എന്തെന്നാൽ അതു പുത്രനെക്കുറിച്ചുള്ള
ദൈവത്തിൻെറ സാക്ഷ്യമാണ്. 10ദൈവ
പുത്രനിൽ വിശ്വസിക്കുന്നവർക്കു ഹൃദയത്തിൽ
ഈ സാക്ഷ്യം ഉണ്ട്. ദൈവത്തിൽ വിശ്വസി
ക്കാത്തവൻ ദൈവം തൻെറ പുത്രനെക്കുറിച്ചു
നല്കിയ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവി
ടുത്തെ അസത്യവാദിയാക്കുന്നു. 11ആ സാക്ഷ്യം
ഇതാണ്: ദൈവം നമുക്കു നിത്യജീവൻ തന്നു;
ആ ജീവൻ അവിടുത്തെ പുത്രനിൽ ഉണ്ട്.

12പുത്രൻ ഉള്ളവനു ജീവനുണ്ട്; ദൈവപുത്രൻ
ഇല്ലാത്തവനോ ജീവനില്ല.

*സമാപന പ്രസ്താവനകൾ*

13ദൈവപുത്രൻെറ നാമത്തിൽ വിശ്വസി
ക്കുന്ന നിങ്ങൾക്കു ഞാൻ ഇത് എഴുതുന്നത് നി
ങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ
അറിയേണ്ടതിനാണ്. 14ദൈവഹിതത്തിന് അനു
സൃതമായി നാം എന്ത് അപേക്ഷിച്ചാലും അവി
ടുന്നു നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നതാ
ണു നമുക്കുള്ള ധൈര്യം. 15നാം എന്തപേക്ഷി
ച്ചാലും അവിടുന്നു കേൾക്കുന്നുവെന്നു നാം
അറിയുന്നുവെങ്കിൽ നമ്മുടെ അപേക്ഷക
ളെല്ലാം നമുക്കു ലഭിച്ചുകഴിഞ്ഞു എന്നും നാം
അറിയുന്നു.

16സഹോദരൻ മരണകരമല്ലാത്ത പാപം
ചെയ്യുന്നതായി ആരെങ്കിലും കണ്ടാൽ അയാൾ
ക്കുവേണ്ടി പ്രാർത്ഥിക്കട്ടെ. ദൈവം അയാൾക്കു
ജീവൻ നല്കും. മരണകരമല്ലാത്ത പാപം
ചെയ്യുന്നവരെപ്പറ്റിയാണു ഞാൻ പറയുന്നത്.
മരണത്തിലേക്കു നയിക്കുന്ന പാപം ഉണ്ട്. അതി
നുവേണ്ടി ഒരുവൻ പ്രാർത്ഥിക്കണമെന്നു ഞാൻ
പറയുന്നില്ല. 17എല്ലാ അനീതിയും പാപംതന്നേ.
എന്നാൽ മരണകരമല്ലാത്ത പാപവും ഉണ്ട്.

18ദൈവത്തിൽനിന്നു ജനിച്ചവൻ പാപം
ചെയ്യുന്നില്ല എന്നു നമുക്കറിയാം. ദൈവപുത്രൻ
അവനെ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ
തൊടുന്നതുമില്ല. 19നാം ദൈവത്തിൽനിന്നു
ള്ളവരാണെന്നും ലോകംമുഴുവൻ ദുഷ്ടൻെറ
അധീനതയിലാണെന്നും നാം അറിയുന്നു.
20ദൈവപുത്രൻ വന്ന്, സത്യമായവനെ നാം
അറിയേണ്ടതിന്, നമുക്കു പരിജ്ഞാനം നല്കി
യിരിക്കുന്നുവെന്നും, നാം സത്യമായവനിൽ -
അവിടുത്തെ പുത്രനായ യേശു ക്രിസ്തുവിൽ
തന്നേ - ആകുന്നുവെന്നും നാം അറിയുന്നു.
അവിടുന്നു സത്യദൈവവും നിത്യജീവനും
ആകുന്നു.

21കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്ന്
അകന്ന് സൂക്ഷിച്ചുകൊൾവിൻ.